01 May 2025
ذُوالقعدة ٣ ١٤٤٦

RSK INSIGHT Family Magazine

Issue #6 01/05/2025 Page 01 rskinsight@gmail.com

ഗാസ: മൗനമാവുന്ന നിലവിളികൾ

■ അബൂ ഹാമിസ് അൽ ബുഖാരി

മനുഷ്യജന്മത്തിന്റെ അർത്ഥം മനുഷ്യൻ മനുഷ്യരോട് കാണിക്കുന്ന കരുണയിലാണ്. എന്നാൽ ഇന്നത്തെ ലോകത്ത്, ഗാസയിലെ ജനങ്ങളുടെ ദുരിതജീവിതം ഉയർത്തുന്ന ഒരു ചോദ്യമുണ്ട് മേല്പ്പറഞ്ഞ ഈ കരുണ എവിടെയാണ്?

ഗാസയുടെ ചുരുങ്ങിയ ഭൂമിശാസ്ത്രപരിധിക്കുള്ളിൽ പതിവായി മുഴങ്ങുന്നത് ആക്രോശങ്ങളുടെയും നിലവിളികളുടെയും ഹൃദയവേദനകളാണ്. ഓരോ മണ്തരിയിലും നിറയുന്ന ഭീതിയുണ്ട്, ഒട്ടും ഉറക്കമില്ലാത്ത രാവുകൾ ഉണ്ട്.

വീടുകൾ തകർന്നുപോകുമ്പോഴും, കണ്ണീരിൽ മുങ്ങിയ കുഞ്ഞുങ്ങളുടെ കറുപ്പുചിത്രങ്ങൾ ലോകത്തിന് മുന്നിൽ വേദനയുടെ നോവുകളായി മാറുന്നു.

എന്ത് അപരാധം ചെയ്തിട്ടാണ് നിരപരാധികളായ ആ കുഞ്ഞുങ്ങൾ ഈ പീഡനം അനുഭവിക്കുന്നത് ? യുദ്ധത്തിൻറെ അർത്ഥം എന്തെന്ന് അവർക്കറിയുമോ? അവരുടെ കുട്ടിക്കാലം കവരുന്നത് കണ്ണീരും രക്തവും മുറിവുകളും നിറഞ്ഞ നാൾ വഴികളിലൂടെയാണ്. അമ്മയുടെ നെഞ്ചിൽ വിരിയുന്ന സ്വപ്നങ്ങൾ വെറുതെ പാഴായി പോകുന്നു.

ഒരച്ഛന്റെ കണ്ണുകൾ അവന്റെ മൗന നൊമ്പരങ്ങൾ വിളിച്ചുപറയുന്നു. ഇതെല്ലാം നമ്മുടെ മനസ്സാക്ഷിയെ ഉണർത്തേണ്ടിയിരിക്കുന്നു. കാഴ്ചക്കാരായി ഇരിക്കുകയല്ല. സഹായികളും പങ്കാളികളുമായിരിക്കേണ്ടത് നമ്മുടെ നൈതിക ബാധ്യതയാണ്.

ഓരോ നിലവിളിയും നമ്മുടെ ഹൃദയത്തിൽ തറക്കണം. ഓരോ തകർച്ചയും നമ്മെ കൂടുതൽ കരുണയിലേക്കും മനുഷ്യത്വത്തിലേക്കും നയിക്കണം.

ഗാസയുടെ രോദനത്തിൻറെ നമ്മുടെ പ്രതികരണം വെറുമൊരു ഫേസ്ബുക്ക് പോസ്റ്റിലോ ഇൻസ്റ്റഗ്രാം സ്റ്റോറിയിലോ മാത്രം ഒതുങ്ങരുത്. അത് നമ്മുടെ പ്രാർത്ഥനകളിലും മനസ്സാക്ഷിയിലും കൂടെ ആവണം.

ഗാസ വേദനിക്കുമ്പോൾ ലോകം മുഴുവൻ വേദനിക്കണം. കാരണം മനുഷ്യത്വം അത്രമേൽ സമഗ്രമാണ്.





ഡബിൾ ടാപ്പിന്റെ വഞ്ചന: നാം യഥാർത്ഥത്തിൽ ബന്ധിപ്പിക്കപ്പെടുന്നുണ്ടോ?

■ ഫൈസൽ ബാഹസ്സൻ

സോഷ്യൽ മീഡിയ, അത് പരസ്പര സമ്പർക്കം നിലനിർത്തുന്നതിനും ബന്ധങ്ങൾ ശക്തമാക്കുന്നതിനും വേണ്ടിയാണ്. എന്നാൽ ഇന്ന്, നാം കൂടുതൽ അകന്നുപോകുന്നില്ലേ?

ഫിൽറ്റർ ചെയ്ത ചിത്രങ്ങൾക്കും പാളിച്ചകളില്ലാത്ത പോസ്റ്റുകൾക്കും പിന്നാലെ ഒരു നിരന്തരമായ സമ്മർദ്ദവും താരതമ്യവും തേടുന്നു. ലൈക്കുകൾക്കായുള്ള ഓട്ടത്തിൽ നമ്മുടേതായ സ്വത്വവും ചുറ്റുപാടും നാം മറക്കുന്നുണ്ട്.

അതെ, നമ്മുടെ എഴുത്ത് സാമൂഹികമാധ്യമങ്ങൾ ഉപേക്ഷിക്കാൻ പറയുന്നില്ല. മറിച്ച് , അതിനെ ബുദ്ധിപൂർവം ഉപയോഗിക്കാൻ ഓർമപ്പെടുത്തുകയാണ്.

സ്ക്രോൾ ചെയ്യുമ്പോൾ ചിന്തിയ്ക്കുക - ഈ സംവിധാനങ്ങൾ നമ്മെ നിയന്ത്രിക്കരുത്, നമ്മളാണ് അതിനെ നിയന്ത്രിക്കേണ്ടത്.

യഥാർത്ഥ ബന്ധങ്ങൾ ഹൃദയത്തിൽ ഉദിക്കുന്നതാണ്, പുറത്തല്ല.

16 Interview Tricks
That will Set You Apart

■ *Sayyid Abdul Rahman Jifry*

1. Pause 2-3 seconds before answering
It shows thoughtfulness and maturity, not hesitation or insecurity - practice it in advance.

2. Bring 5 thoughtful questions
You may not get to all of them, but you want enough to show genuine curiosity and preparedness.

3. Bring a pen and notebook
Don't overdo it, but taking a few notes shows engagement and can help you remember key points.

4. Arrive 10 minutes before your time
Any earlier can make it awkward for the team; any later risks looking disorganized.



5. Treat *everyone* with respect
People often ask receptionists or coordinators how you treated them - it counts.

6. Spend 1 hour researching
Look at their website, LinkedIn pages, and recent news or posts - it shows real interest.

7. Own your red flags directly
Address resume gaps or past mistakes briefly and confidently, without getting defensive.

8. Use 60-90 seconds per answer
Long enough to provide substance, short enough to stay focused and interesting.

9. Match their tone and pace
Don't imitate, but don't just speak loud and fast to a quiet and thoughtful interviewer.

10. Use the interviewer's name
Once or twice during the interview - just enough to feel personal, not forced.

11. If you don't know, say so
"That's a great question - I'm not sure, but here's how I'd approach it..." shows humility and problem-solving.

12. Focus on one main idea in each answer
In addition to keeping things brief, try to hit one theme per response so your point is clear.

13. Prioritize lessons learned
If asked about past jobs, spend 90% of your time on what you learned - not what went wrong.

14. Show your interest physically
Sit up straight, lean forward slightly, keep your hands visible, make eye contact, and nod occasionally.


15. Stay calm and recover with grace
If something goes wrong (tech glitch, you draw a blank): breathe, smile, and say, "Let me try that again."

16. Send a personal thank you note
Within 24 hours, send a 4-6 sentence thank you email that's sincere, enthusiastic, and specific.

കിഡ്സ് കോർണർ



Aisha Mehrish



Sayyid Hamdan

കണ്ണുനീർ നിലയ്ക്കാത്ത ഫലസ്ഥീൻ

■ *പൂക്കോയ തങ്ങൾ കണ്ണൂർ, കൂത്തുപറമ്പ്*

സൂര്യൻ അസ്തമിക്കാത്ത ബ്രിട്ടിഷ് സാമ്രാജ്യത്തിന് കീഴിൽനിന്നും 1948-ൽ സ്വാതന്ത്ര്യം നേടിയ ഫലസ്തീൻ എന്ന കൊച്ചുരാജ്യത്തെ ലോകപോലീസായ അമേരിക്കയുടെ പിൻബലത്തോടെ സിയോണിസ്റ്റ് രാജ്യമായ ഇസ്രേയിൽ അവരുടെ കൈപ്പള്ളയിൽ ഒതുക്കുകയും, രാജ്യത്തിൻറെ ഒരു ഭാഗം അവരുടെ ഭാഗമാക്കി വെക്കുകയും ചെയ്തു. ഇപ്പോഴും ഈ സ്ഥലം ഇസ്രേയിൽ കയ്യടക്കി വെച്ചിരിക്കുകയാണ്. 1967-ൽ മൊത്തമായും പിടിച്ചടക്കിയ ഇസ്രേയിൽ നിരന്തരമായ ഫലസ്തീൻ ജനതയുടെ പോരാട്ടങ്ങളെ തുടർന്ന് അറബ് രാഷ്ട്രങ്ങളുടെയും, റഷ്യയുടെയും മറ്റും നിരന്തരമായ ശ്രമത്തിൻറെ ഫലമായി ഈ രാജ്യങ്ങളെല്ലാം പങ്കെടുത്തുകൊണ്ട് സ്പെയിനിൽ വെച്ച് നടന്ന ഉച്ചകോടിയിൽ രാജ്യത്തിൻറെ അധികാരം ഭാഗികമായി കൈമാറാൻ തീരുമാനിക്കുകയും, തുടർന്ന് സ്വീഡനിലെ ഓസ്ലോ (OSLO) യിൽ ചേർന്ന യോഗത്തിൽ വെച്ച് ഓസ്ലോ കരാർ ഒപ്പ് വെക്കുകയും ചെയ്തു. ഈ കരാറിൻറെ അടിസ്ഥാനത്തിൽ ഗാസയും, വെസ്റ്റ്ബാങ്കും ഉൾപ്പെടുന്ന സ്ഥലം "ഫലസ്തീനിയൻ നാഷണൽ അതോറിട്ടി" രൂപീകരിച്ചുകൊണ്ട് ഫലസ്തീൻ പോരാളി യാസർ അരഫാത്തിന് 1994-ൽ രാജ്യം കൈമാറുകയുണ്ടായി.

ആയുധങ്ങളുടെ പിൻബലമില്ലാതെ നിശ്ചയദാർഢ്യവും, മനോധൈര്യവും കൈമുതലാക്കിക്കൊണ്ട്, ആയുധങ്ങളുടെ മുടിചൂടാമന്നന്മാരായ ഇസ്രേയിലിനെതിരെ നിരന്തരമായി നടത്തിയ സഹനസമരങ്ങൾ ചരിത്രത്തിൻറെ താളുകളിൽ ഇന്നും മായാതെ നിലനിൽക്കുകയാണ്. വെറും കല്ലുകളും, വടികളും ആയുധമാക്കിക്കൊണ്ട് ഇസ്രേയിലിപട്ടാളത്തിനെതിരെ പോരാടുന്ന സ്ത്രീകളും, കുട്ടികളും ഇന്നും മായാത്ത കാഴ്ചകളായി നിലനിൽക്കുന്നു. ഈ പോരാട്ടങ്ങളിൽ എല്ലാംതന്നെ ആയിരക്കണക്കിന് ഫലസ്തീനിയൻ ജനതയുടെ ജീവൻ ഹോമിക്കപ്പെടേണ്ടിവന്നു. ഇതിൽതന്നെ ഭൂരിപക്ഷവും സ്ത്രീകളും, കുട്ടികളുമാണെന്നുള്ളത് സിയോണിസ്റ്റുകളുടെ മനുഷ്യക്കുരുതിയുടെ ഭീകര മുഖം നമ്മുടെയെല്ലാം മുമ്പിൽ കാട്ടിത്തരുന്നു. മാത്രവുമല്ല തിരിച്ചടിയില്ലാത്ത ആക്രമണങ്ങളുടെ ഭാഗമായി ഫലസ്തീൻ എന്ന കൊച്ചു രാജ്യത്തിലെ ഭൂരിഭാഗം വീടുകളും, കെട്ടിടങ്ങളും, മറ്റുള്ള തന്ത്രപ്രധാനമായ കേന്ദ്രങ്ങളൊക്കെയും ഇസ്രേയിലിൻറെ കിരാതമായ ബോംബ് വർഷത്തിൽ നാമാവിശേഷമാവുകയും ചെയ്തിരിക്കുന്നു. നിരവധി പേർ ഇന്നും അയൽരാജ്യങ്ങളായ ജോർദാൻ, സിറിയ, ലിബിയ എന്നിവിടങ്ങളിൽ അഭയാർത്ഥികളായും, അതത് രാജ്യങ്ങളിലെ പൗരത്വം സ്വീകരിച്ചും കഴിയുകയാണ്.

1994-ൽ "ഫലസ്തീനിയൻ നാഷണൽ അതോറിട്ടി" ആയി പ്രഖ്യാപിച്ച ഫലസ്തീനിനെ ഒരു സ്വതന്ത്രരാഷ്ട്രമായി അംഗീകരിക്കാൻ ഇസ്രേയിലും, അമേരിക്കയും കൂട്ടാളികളും ഇതുവരെയും തയ്യാറായിട്ടില്ല എന്നതാണ് ഏറ്റവും വലിയ വസ്തുത. ലോകരാജ്യങ്ങളിൽ എവിടെ എങ്കിലും തങ്ങൾക്കെതിരായി ഒരു ചെറിയ അനക്കമെങ്കലും ഉണ്ടായാൽ ഊതിവീർപ്പിച്ച് പർവ്വതീകരിക്കുന്ന സാമ്രാജ്യത്വം ഈ അനീതി കണ്ടില്ലെന്നു നടിക്കുകയാണ്. (തുടരും..)

Published by: RSK INSIGHT Magazine sub committee | *Design/Lay-out & Edited by:* Shihab Thangal | *Proof Reading & Review:* Sayyid Abdul Rahman Jifry | *Technical Support:* Syed JafarThangal